# നാല്പത്തെട്ടിലെ വഞ്ചന ആവർത്തിക്കരുത്

സി. ജെ. തോമസ്



നാല്പത്തെട്ടിലെ വഞ്ചന ആവർത്തിക്കരുത്
സി. ജെ. തോമസ്
(മലയാളം: ലേഖനം)

© 2021, C. J. Thomas

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: The brother of Ali Baba: "Cassim", a painting by Maxfield Parrish (1870–1966). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# നാല്പത്തെട്ടിലെ വഞ്ചന ആവർത്തിക്കരുത്

സി. പി. രാമസ്വാമി അയ്യരുടെ വേദനാകരമായ വേർപാടിനുശേഷം സ്വാതന്ത്ര്യത്തിന്റെ പടിവാതുക്കൽ എത്തിനോക്കിക്കൊണ്ടിരുന്ന കേരളീയ ജനതയെ ശപ്പൻനമ്പൂതിരിപ്പാടു മുതൽ തോമാക്കത്തനാർ വരെയുള്ള മനുഷ്യദ്രോഹികളുടെ കയ്യിൽ ഏൽപ്പിച്ചുകൊടുത്ത ഒരു രാഷ്ട്രീയ സംഘടനയാണ് മലയാളം സംസാരിക്കുന്ന ഭാഗത്തുള്ള നമ്മുടെ കോൺഗ്രസ്സ്. അന്നത്തെ ആ വഞ്ചന തുറന്നു സമ്മതിക്കാനോ, നിവർന്നുനിന്നു തിരുത്താനോ കഴിയാതിരുന്നതിന്റെ ഫലമാണ് കമ്മ്യൂണിസമെന്ന രാഷ്ട്രീയ മഹാവ്യാധി നമ്മുടെ രാജ്യത്തെ ബാധിക്കാൻ ഇടയായത്. അതൊരു വ്യാധിയാണെന്ന് നാട്ടുകാരിൽ ഒരു വിഭാഗം അനുഭവം കൊണ്ടു മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ട്. എന്നാൽ, ഒരു പൊതുതിരഞ്ഞടുപ്പിൽ ജയിക്കണമെന്നുണ്ടെങ്കിൽ 1948-ൽ കോൺഗ്രസ്സ് ശരീരത്തെ ബാധിച്ച വിഷം പരിപൂർണ്ണമായി കഴുകിക്കളഞ്ഞേ കഴിയൂ.

എന്താണ് 1948-ൽ സംഭവിച്ചത്? തിരുവിതാംകൂർ ഭാഗത്തു നടന്ന തിരഞ്ഞെടുപ്പിൽ ഒരൊറ്റ സീറ്റൊഴിച്ചുള്ളതെല്ലാം കോൺഗ്രസ്സ് കൈവശപ്പെടുത്തി. പക്ഷേ, എങ്ങിനെ, എന്തിന്റെ അടിസ്ഥാനത്തിൽ എന്നതാണ് സംഗതമായ പ്രശ്നം. ആ ചോദ്യത്തിന് ഉത്തരം കാണണമെങ്കിൽ തിരുവിതാംകൂർ സ്റ്റേറ്റു കോൺഗ്രസ്സിന്റെ അടിസ്ഥാനപരമായ ഒരു സ്വഭാവം മനസ്സിലാക്കിയിരിക്കണം. മൂന്നു സമുദായങ്ങൾ ചേർന്നുണ്ടാക്കിയ സംയുക്ത പ്രസ്ഥാനത്തിന്റെ തുടർച്ചയായിരുന്നു സ്റ്റേറ്റുകോൺഗ്രസ്സ് എന്നൊരു കണക്കിൽ പറയാം. ഭാഗികമായ സ്വാതന്ത്ര്യബോധത്തിന്റെ ഫലമായി മറ്റു വിഭാഗങ്ങളും കൂടിച്ചേർന്ന് സംയുക്തപ്രസ്ഥാനത്തെ മാറ്റി പകരം ഒരു ദേശീയസ്വാതന്ത്ര്യസംഘടന രൂപീകരിക്കുകയാണുണ്ടായത്. ആ സംഘടന സമരത്തിലേക്കിറങ്ങിത്തിരിച്ചപ്പോൾ എല്ലാത്തരം വർഗ്ഗീയവാദികളും അതിനെ എതിർക്കുകയും ദിവാൻ ഭരണത്തെ പിൻതാങ്ങുകയും ചെയ്തു. വർഗ്ഗീയതയുടെ ബലം അറിയണമെങ്കിൽ ഇന്ന് കേരളത്തിൽ കോൺഗ്രസ്സുകാരായിട്ടും, കമ്മ്യൂണിസ്റ്റുകാരായിട്ടും ചമയുന്ന അനേകം ആളുകൾ അന്ന് സി. പി. രാമസ്വാമി അയ്യരുടെ സുഹൃത്തുക്കളായിരുന്നു എന്നോർമ്മിച്ചാൽ മതി. വർഗ്ഗീയതയുടെ ഈ ശക്തി തുടരുകയും ചെയ്തു. ഭാരതത്തിലെ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ പൊതുവിജയത്തിന്റെ ഭാഗമെന്ന നിലയ്ക്കാണ് കേരളത്തിൽ രാജാധികാരവും വിദേശാധിപത്യവും അവസാനിച്ചത്. നിർഭാഗ്യവശാൽ അങ്ങിനെ ലഭിച്ച ആ സുവർണ്ണാവസരം നാം പാഴാക്കുകയാണ് ചെയ്തത്. അതെങ്ങിനെ സംഭവിച്ചു? തിരഞ്ഞെടുപ്പിന്റെ അവസരം വന്നപ്പോൾ, വർഗ്ഗീയതയുടെ അന്തരീക്ഷത്തിൽ വളർന്ന നേതാക്കന്മാർക്ക് സ്വതന്ത്രമായ ഒരു കോൺഗ്രസ്സ് മനോഭാവത്തോടു കൂടി അതിനെ നേരിടാൻ കഴിഞ്ഞില്ല. സ്വാതന്ത്ര്യസമരത്തിന്റെ കാലത്ത് നാടിനുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച ആളുകളുടെ അഭിപ്രായത്തെ മാനിക്കുന്നതിനുപകരം വർഗ്ഗീയസ്വാധീനമുള്ളവർക്കു; കോൺഗ്രസ്സ് വിട്ടുകൊടുക്കുകയാണ് നേതാക്കന്മാർ ചെയ്തത്. അവരുടെ രാഷ്ട്രീയം മനഃശാസ്ത്രമനുസരിച്ചു നോക്കിയാൽ ഈ നടപടിയിൽ അത്ഭുതത്തിനവകാശമില്ല. അവർ വളർന്ന അന്തരീക്ഷം വർഗ്ഗീയതയുടേതാണ്. ദേശീയസ്വാതന്ത്ര്യമെന്ന ആശയത്തോടൊപ്പം പ്രാധാന്യം ജനാധിപത്യത്തിന് കൊടുക്കുവാൻ അവർ പരിചയിച്ചിട്ടുണ്ടായിരുന്നില്ല. താൽക്കാലിക വിജയത്തിനു വേണ്ടി അനുവർത്തിക്കുന്ന അവസരസേവകത്വം ഭാവിയിൽ എത്ര ഗുരുതരമായ അനർത്ഥമായിത്തീരുമെന്ന് മനസ്സിലാക്കാനുള്ള ഭാവനയും അവർക്കുണ്ടായിരുന്നില്ല. ഇതിൻഫലമായിട്ടാണ്, അന്നുവരെ ദേശീയസമരത്തെ എതിർത്തുകൊണ്ടിരുന്ന സംഘടനകളേയും നേതാക്കന്മാരേയും കൂട്ടുപിടിച്ച ഈ തെരഞ്ഞെടുപ്പിനെ നേരിടാമെന്ന് അവർ തീരുമാനമെടുത്തത്. തന്ത്രപരമായി അതൊരു വിജയമായിരുന്നുവെന്ന് തിരഞ്ഞെടുപ്പു ഫലങ്ങൾ തെളിയിച്ചു. പക്ഷേ, ആ വിജയം പൊള്ളയാണെന്ന് തിരഞ്ഞെടുപ്പിന്റെ പിറ്റേദിവസം മുതൽ തെളിയാനും തുടങ്ങി. ഇതിന്റെ ആദ്യത്തെ ഫലം വർഗ്ഗീയത അംഗീകൃതമായ ഒരു രാഷ്ട്രീയാദർശമാണെന്ന്, നേരിട്ടല്ലെങ്കിലും, വരുത്തിക്കൂട്ടുകയായിരുന്നു. അതംഗീകരിക്കാൻ നിവൃത്തിയില്ലാത്ത ആദർശശാലികളിൽ ഒരു വിഭാഗം മറ്റു പാർട്ടികളിലേക്കു പോയി. അവശേഷിച്ചവർക്കോ, പറയത്തക്ക ശക്തിയും ഉണ്ടായിരുന്നില്ല. ഇങ്ങനെയാണ് ദേശാഭിമാനികൾ കെട്ടിപ്പടുത്ത ഒരു പ്രസ്ഥാനം നിർജ്ജീവമായിത്തീർന്നത്.

ഇത്രയും പറഞ്ഞതുകൊണ്ട് കോൺഗ്രസ്സ് ഒരു വർഗ്ഗീയസംഘടനയാണെന്നു വരുന്നില്ല. അങ്ങനെ വാദിക്കുന്ന വർഗ്ഗീയവാദികൾ വളരെയേറെ ഈ രാജ്യത്തുണ്ട്. യഥാർത്ഥത്തിൽ ആരാണ് വർഗ്ഗീയവാദി എവിടെയാണ് വർഗ്ഗീയത, എന്നു നിർണ്ണയിക്കാൻ മറ്റുചില മാർഗ്ഗങ്ങൾ അന്വേഷിക്കണം. എല്ലാ വർഗ്ഗങ്ങളും തങ്ങളുടെ വർഗ്ഗീയത കുത്തിച്ചെലുത്തി നശിപ്പിക്കാൻ ശ്രമിക്കുന്ന കോൺഗ്രസ്സല്ല വർഗ്ഗീയസംഘടന. ഏതാനും ചില വർഗ്ഗങ്ങളോ, ഒരു വർഗ്ഗം മാത്രമോ, പൊതുതാൽപര്യത്തിനെതിരായി, വർഗ്ഗങ്ങളുടെ പേരിൽ, വ്യക്തിതാൽപ്പര്യങ്ങൾ ഉയർത്തിപ്പിടിക്കുമ്പോൾ അവിടെയാണ് വർഗ്ഗീയത കാണേണ്ടത്. കോൺഗ്രസ്സിൽ വർഗ്ഗീയതാൽപ്പര്യങ്ങൾക്ക് ക്രമേണ സ്ഥാനം കുറഞ്ഞുവന്നതുകൊണ്ടാണ് വർഗ്ഗീയവാദികളും അവരുടെ സംഘടനകളും കോൺഗ്രസ്സിനെ വിട്ടുപോകാനും അതിനെ എതിർക്കാനും തുടങ്ങിയത്. അധികാരം പങ്കിടുവാൻ വേണ്ടി 1948-ൽ കോൺഗ്രസ്സിലേക്കു നുഴഞ്ഞുകയറിയ വർഗ്ഗീയഘടകങ്ങൾ എല്ലാംതന്നെ കോൺഗ്രസ്സ് വിട്ടുപോയി. ചിലർ അവരെ ജനിപ്പിച്ച ചളിക്കുണ്ടിലേക്കുതന്നെ പുതഞ്ഞു. മറ്റു ചിലർ വിപ്ലവക്കുപ്പായമണിഞ്ഞു് വർഗ്ഗസമരത്തിനു പകരം വർഗ്ഗീയവിദ്വേഷവും കുത്തിപ്പൊക്കി പ്രമാണികളായിത്തീർന്നു. ഇത്തരം വൈകൃതം ബുദ്ധിപൂർവ്വകമായി ചൂഷണം ചെയ്താണ് 1957-ലെ തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റുകാർ ജയിച്ചത്. കോൺഗ്രസ്സ് നായരുടേതാണെന്നു പറഞ്ഞ് കൊച്ചിയിലെ ക്രിസ്ത്യാനികളേയും, ക്രിസ്ത്യാനിയുടേതാണെന്നു പറഞ്ഞു കോട്ടയത്തെ നായരേയും, സവർണ്ണ ഹിന്ദുവിന്റേതാണെന്നു പറഞ്ഞ് ഈഴവനേയും കുരുക്കിലാക്കി വർഗ്ഗീയത കൊയ്തു കമ്മ്യൂണിസം ജയിക്കുകയാണുണ്ടായത്. രണ്ടരക്കൊല്ലത്തെ ഭരണം ആയപ്പോൾ മാത്രമേ ഈ വർഗ്ഗീയക്കോമരങ്ങൾക്ക് മനസ്സിലായുള്ളൂ, ഓരോ വർഗ്ഗത്തിന്റേയും സുസ്ഥിതി മറ്റു വർഗ്ഗങ്ങളുടെ അധോഗതിയിലല്ല സ്ഥിതിചെയ്യുന്നതെന്ന്. നസ്രാണിയെ തോൽപ്പിക്കാൻ കച്ചകെട്ടിയ നായരും, കോൺഗ്രസ്സിന്റെ വിദ്യാഭ്യാസ പരിഷ്കാരത്തെ എതിർക്കാൻ ഹാലിളകിയ നസ്രാണിയും എല്ലാം ഒരുമിച്ചു വിമോചനക്കൊടി ഉയർത്തിപ്പിടിക്കേണ്ടിവന്നു. അതോടുകൂടി കോൺഗ്രസ്സിൽതന്നെ വിപ്ലവകരമായ ഒരു മാറ്റം സംഭവിച്ചു എന്നും പറയാം. എന്നുവെച്ചാൽ നാട്ടിലെ ദേശീയപ്രസ്ഥാനം ഒരിക്കൽക്കൂടി ശുദ്ധീകരിച്ചെടുക്കാനുള്ള ഒരവസരം നമുക്കു കൈവന്നിരിക്കുന്നു എന്നർത്ഥം. ഇന്ന് വർഗ്ഗീയനേതാക്കന്മാർക്കുള്ളതിന്റെ നൂറിൽ ഒരംശമെങ്കിലും വർഗ്ഗീയത സാധാരണ ജനങ്ങൾക്കില്ല. ദുഷിച്ച പാരമ്പര്യത്തിന്റെ തണുത്ത കനലുകൾ അവരുടെ ഹൃദയത്തിൽ അപൂർവ്വമായി അവശേഷിക്കുന്നുണ്ടാവാം പക്ഷേ, മേൽപ്പടി നേതാക്കന്മാർക്ക് അവരുടെ സ്വന്തം താൽപര്യ സംരക്ഷണത്തിനുവേണ്ടി ഈ പഴയ രോഗത്തെ ഊതി വീർപ്പിക്കാൻ അവസരം കൊടുക്കാതെയിരുന്നാൽ മതി. നമ്മുടെ നേതാക്കന്മാരിൽ ഭൂരിപക്ഷവും തെറ്റിദ്ധരിച്ചിരിക്കുന്ന ഒരു കാര്യമുണ്ട്. തിരഞ്ഞെടുപ്പുകളിൽ വർഗ്ഗീയാടിസ്ഥാനത്തിൽ സ്ഥാനാർത്ഥി നിർണ്ണയം ചെയ്തില്ലെങ്കിൽ പരാജയപ്പെടും എന്ന മിഥ്യയാണത്. ഈ മിഥ്യ ജനങ്ങളുമായി സമ്പർക്കമില്ലാത്ത നേതാക്കന്മാർക്കുണ്ടാകുന്നതിൽ അതിശയിക്കാനൊന്നുമില്ലെങ്കിലും അത് അനാശാസ്യമാണെന്നു പറയാതെ ഗത്യന്തരമില്ല. എന്നെങ്കിലും ഈ ശാപം തീരണമെന്നവർ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഇന്നാണതിനവസരം. ജനങ്ങളിൽ നിന്നു ജനങ്ങളെ രക്ഷിക്കുന്ന സമ്പ്രദായം അവസാനിച്ചേ തീരൂ.

ഒന്നുകിൽ, ശരിയായ ആദർശനത്തിനുവേണ്ടി പരാജയത്തെ ഭയപ്പെടാതെ നിവർന്നു നിൽക്കുക. അല്ലെങ്കിൽ, ജനാധിപത്യത്തിലുള്ള വിശ്വാസം ഉപേക്ഷിച്ചതായി സമ്മതിച്ച് സൈന്യത്തിനെ ഭരണമേൽപിച്ചു കൊടുക്കുക. ഇതു രണ്ടും ചെയ്യാതെ വർഗ്ഗീയവാദിളുടെ ഭീഷണിക്കു വഴങ്ങാൻ കോൺഗ്രസ്സ് തയ്യാറാകുന്നെങ്കിൽ, വർഗ്ഗീയവാദികളുടേയും ദേശീയവാദികളുടേയും പിൻബലം എക്കാലത്തും നഷ്ടപ്പെടുകയായിരിക്കും ഫലം. ചുരുക്കിപ്പറഞ്ഞാൽ കൂട്ടിക്കെട്ടിയ വർഗ്ഗീയത്തിന്റെ സംയുക്തസമ്മേളനമാക്കി കോൺഗ്രസ്സിനെ അധഃപതിപ്പിക്കുന്ന സമ്പ്രദായം എന്നെന്നേയ്ക്കുമായി അവസാനിക്കണം. നാട്ടുകാർ മുഴുവൻ വർഗ്ഗീയവാദികളാണെന്നു വിശ്വസിപ്പിക്കുകയും പ്രചരിപ്പിക്കയും ചെയ്യുന്നവർ കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം, കോൺഗ്രസ്സ് കപ്പലിനകത്തെ കള്ളരാണ്. ജാതികണക്കിന് സ്ഥാനാർത്ഥിത്വവും, സ്ഥാനാർത്ഥിയ്ക്കു വർഗ്ഗീയപിൻബലവും തേടിനടക്കുന്നവർക്ക് സംഘടനയിൽ അംഗത്വം തന്നെ നിഷേധിക്കാൻ കഴിവില്ലെങ്കിൽ കോൺഗ്രസ്സിന്നിവിടെ ഭാവിയില്ല. ക്രിസ്ത്യൻവിരോധം വിറ്റ് അധികാരത്തിലേറിയ കമ്മ്യൂണിസത്തിന് ഇനിയത്തെ തിരഞ്ഞെടുപ്പിൽ ജയിക്കാൻ കഴിവില്ലെന്നത് വാസ്തവം തന്നെ. പക്ഷേ, അത് കോൺഗ്രസ്സിന്റെ വിജയമല്ല, കമ്മ്യൂണിസത്തിന്റെ പരാജയം മാത്രമാണ്. സമത്വസുന്ദരത്തിന്റെ പേരിൽ, വർഗ്ഗീയതയുടെ വിഷവിത്തു പാകിനടക്കുന്ന ദേശദ്രോഹികളുടെ പരാജയമാണ്. ചുവന്ന സാമ്രാജ്യത്തിന്റെ ഒറ്റുവേല നടത്തുന്ന ചാരന്മാരുടെ പരാജയമാണ്. അത് യഥാർത്ഥത്തിൽ കോൺഗ്രസ്സിന്റെ വിജയമായിത്തീരണമെങ്കിൽ തിരഞ്ഞെടുപ്പിൽ ജയിച്ചതിനുശേഷം ചെയ്യുന്ന പ്രവൃത്തികൾ കൊണ്ടായിരിക്കണം അതു സാധിക്കുന്നത്. കാലേക്കൂട്ടിത്തന്നെ അതിനു കരുതൽ നടപടികൾ എടുക്കുകയും വേണം. അതിൽ ഏറ്റവും മുഖ്യമായത് വർഗ്ഗീയാടിസ്ഥാനത്തിൽ മാത്രം വിശ്വസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന പ്രമാണിവർഗ്ഗത്തെ കോൺഗ്രസ്സിന്റെ അധികാരസ്ഥാനങ്ങളിൽ നിന്ന് ഒഴിച്ചുനിറുത്തുകയെന്നതാണ്. അതു ചിലപ്പോൾ, ചിലരെ അലോസരപ്പെടുത്തിയേക്കാം. പക്ഷേ, അവർ പോകുന്നെങ്കിൽ പോകട്ടെ, അവരിൽ ഓരോരുത്തരും ഒഴിവാക്കിത്തരുന്ന സ്ഥലം മതി അനേകായിരം ജനാധിപത്യവാദികൾക്ക് കോൺഗ്രസ്സിനുള്ളിലേയ്ക്കു പ്രവേശിക്കാൻ. ഇന്ന് അവർ ചെയ്യുന്നത് ആത്മാർത്ഥതയുള്ള ജനാധിപത്യവാദികളെ നിരുത്സാഹപ്പെടുത്തിക്കൊണ്ട് വർഗ്ഗീയതയെ വളർത്തി വിടുകയാണ്. നേതാക്കന്മാർക്ക് രക്ഷിക്കാൻ കഴിവില്ലാത്ത ഒരു നിലയിലെത്തിയിട്ടുണ്ട് ഇന്ന് നമ്മുടെ നാട്. സ്വാർത്ഥതാൽപ്പര്യങ്ങളോ ഭീരുത്വമോ തീണ്ടാത്ത സാധാരണക്കാരൻ ആ കർമ്മം ഏറ്റെടുത്ത് ചെയ്യുകയാണു വേണ്ടത്. തിരഞ്ഞെടുപ്പിൽ ജയിക്കുക എന്നത് തുലോം നിസ്സാരമായ കാര്യമാണ്. ജനാധിപത്യം പുലരുക എന്നതാണ് മുഖ്യകർത്തവ്യം. ഈ മനോഭാവത്തോടു കൂടിയായിരിക്കണം കേരളം തിരഞ്ഞെടുപ്പിനെ നേരിടുന്നത്.

പ്രഭാതം 1960.

□

# സി. ജെ. തോമസ്



മലയാളഭാഷയിലെ ഒരു നാടകകൃത്തും സാഹിത്യ നിരൂപകനുമായിരുന്ന സി. ജെ. തോമസ് (നവംബർ 14, 1918–ജൂലൈ 14, 1960) എന്നറിയപ്പെടുന്ന ചൊള്ളമ്പേൽ യോഹന്നാൻ തോമസ്. മലയാള നാടകസാഹിത്യത്തെ ആധുനിക ഘട്ടത്തിലെത്തിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച ഇദ്ദേഹം പത്രപ്രവർത്തകൻ, ചിത്രകാരൻ എന്നീ നിലകളിലും അറിയപ്പെട്ടിരുന്നു.

1918-ൽ കുത്താട്ടുകുളത്തെ പ്രമുഖ ക്രിസ്തീയ വൈദികന്റെ മകനായി ജനിച്ച സി. ജെ. വൈദിക വിദ്യാർത്ഥിയായിരിക്കുന്ന സമയത്ത് ളോഹ ഉപേക്ഷിച്ച് തിരിച്ചുപോന്ന് വിപ്ലവം സൃഷ്ടിച്ചു. രണ്ട് വർഷക്കാലം വടകര സെന്റ് ജോൺസ് ഹൈസ്കൂളിലും തുടർന്ന് എം. പി. പോൾസ് കോളേജിലും അധ്യാപകനായി ജോലിനോക്കിയിരുന്ന അദ്ദേഹം പിന്നീട് അവസാനം വരെ പത്രപ്രവർത്തനരംഗത്ത് സജീവമായിരുന്നു. സാഹിത്യ പ്രവർത്തക സഹകരണസംഘം, ആകാശവാണി, ദക്ഷിണഭാഷാ ബുക്ക് ട്രസ്റ്റ് എന്നിവയിലും പ്രവർത്തിച്ചു.

സാഹിത്യ പ്രവർത്തക സഹകരണസംഘം വക പുസ്തകങ്ങളുടെ പുറംചട്ടകൾക്ക് അത്യധികം ആകർഷകങ്ങളായ ചിത്രങ്ങൾ വരച്ച് മലയാള പുസ്തകങ്ങളുടെ പുറംചട്ടരൂപകല്പനയുടെ രംഗത്ത് മാറ്റങ്ങളുടെ തുടക്കം കുറിച്ചത് സി. ജെ.-യാണ്.

പ്രസിദ്ധ സാഹിത്യകാരനായിരുന്ന എം. പി. പോളിന്റെ മൂത്ത പുത്രി റോസിയെയാണ് വിവാഹം ചെയ്തത്. റോസി തോമസ് സി. ജെ.-യുടെ മരണശേഷം അറിയപ്പെട്ടുന്ന സാഹിത്യകാരിയായി.

പ്രശസ്ത കവയിത്രി മേരി ജോൺ കുത്താട്ടുകുളം സി. ജെ. തോമസിന്റെ മൂത്ത സഹോദരിയായിരുന്നു. 1960 ജൂലൈ 14-ന് 42-ാം വയസ്സിൽ സി. ജെ. അന്തരിച്ചു.

RIVER VALLEY
DIGITAL LIBARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ<br>(119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്കിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ച് അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014